# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 11-10-2013

## അന്യായമായ സ്ഥലംമാറ്റത്തിനെതിരെ അധ്യാപകരുടെ ധർണ

കൊല്ലം ജില്ലയിലെ അയ്യൻകോയിക്കൽ ഗവൺമെന്റ് എച്ച്.എസ്.എസിലെ അധ്യാപകരെ വിദൂര ജില്ലയിലേക്ക് സ്ഥലംമാറ്റിയ ഉത്തരവ് റദ്ദുചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ടി.എ യുടെ നേതൃത്വത്തിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റിനുമുന്നിൽ പ്രതിഷേധ ധർണ നടത്തി. കെ.എസ്.ടി.എ ജനറൽ സെക്രട്ടറി എം.ഷാജഹാൻ ധർണ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പലിന്റെ അഴിമതിയെ ചോദ്യം ചെയ്തതിനാണ് കള്ളപ്പരാതി നല്കി അധ്യാപികമാരെയടക്കം സ്ഥലംമാറ്റിയിരിക്കുന്നതെന്നും അഴിമതിയെ എതിർക്കുന്നവരുടെ പേരിൽ നടപടിയെടുക്കുന്ന സമീപനമാണ് സർക്കാരിന്റേതെന്നും ധർണ ഉദ്ഘാടനം ചെയ്തുകൊണ്ട് ജനറൽ സെക്രട്ടറി പറഞ്ഞു. ധർണയിൽ സംസ്ഥാന കമ്മിറ്റി അംഗം എസ്.പയസ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ഡി.വിമല, സംസ്ഥാന സെക്രട്ടറി ടി. തിലകരാജ് എന്നിവർ അഭിവാദ്യം ചെയ്തു. സംസ്ഥാന എക്സി.അംഗം എസ്.അജയകുമാര് സ്വാഗതവും കൊല്ലം ജില്ലാസെക്രട്ടറി കെ.ആർ. ദാമോദരൻപിള്ള നന്ദിയും പറഞ്ഞു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി

# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 25-10-2013

## സ്കൂൾ യൂണിഫോം അഴിമതി :
## അധ്യാപകരും വിദ്യാർത്ഥികളും സെക്രട്ടറിയേറ്റിലേക്ക് ധർണ നടത്തി

സ്കൂൾ യൂണിഫോം അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കുക, അടിയന്തിരമായി സൗജന്യ സ്കൂൾ യൂണിഫോം കുട്ടികൾക്ക് വിതരണം ചെയ്യുക, തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് അധ്യാപകരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും സെക്രട്ടറിയേറ്റിലേരക്ക് ധർണ നടത്തി. കെ.എസ്.ടി.എ ജനറൽ സെക്രട്ടറി എം.ഷാജഹാൻ ധർണ ഉദ്ഘാടനം ചെയ്തു. എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി ടി.പി. ബിനീഷ് അഭിവാദ്യം ചെയ്ത് സംസാരിച്ചു.

സ്കൂൾ തുറക്കുന്നതിനുമുൻപുതന്നെ നടത്തേണ്ട യൂണിഫോം വിതരണം മുടങ്ങിയതിന്റെ പൂർണ്ണ ഉത്തരവാദിത്തം വിദ്യാഭ്യാസ വകുപ്പിനും സർക്കാരിനുമാണെന്നും അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കണമെന്നും കെ.എസ്.ടി.എ ജനറൽ സെക്രട്ടറി എം.ഷാജഹാൻ ആവശ്യപ്പെട്ടു. കുട്ടികൾക്ക് അർഹതപ്പെട്ട 400 രൂപവീതം സ്കൂൾ പി.ടി.എ യ്ക്ക് നൽകികൊണ്ട് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ മോണിറ്ററിംഗിനുള്ള ചുമതല ഏൽപ്പിച്ചിരുന്നെങ്കിൽ സുതാര്യമായി ഈ പദ്ധതി നടക്കുമായിരുന്നു. എല്ലാ അധ്യാപക സംഘടനകളും ഇക്കാര്യം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നതാണ്. 20 ലക്ഷത്തിലധികം കുട്ടികൾക്ക് നൽകേണ്ട ഈ ആനുകൂല്യം യഥാസമയം നൽകാതിരുന്നത് കുട്ടികളോടുകാണിക്കുന്ന ക്രൂരതയാണ്.

അഴിമതിക്കുള്ള വഴിതേടുന്ന ഭരണമാണ് കേരളത്തിലേതെന്നും അന്വേഷണം നടത്തി കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുമെന്ന് എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി ടി.പി. ബീനീഷ് പറഞ്ഞു. കെ.എസ്.ടി.എ ജില്ലാസെക്രട്ടറി സി.വി. സജീവ്ദത്ത്, സംസ്ഥാന എക്സി.അംഗം എസ്.ശ്രീകുമാർ, എഫ്.എഫ്.ഐ സംസ്ഥാന കമ്മിറ്റി അംഗം ഷിജുഖാൻ തുടങ്ങിയവർ സംസാരിച്ചു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി